(സി) ആറളം ഫാമിന്റെ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി കേരള സർക്കാർ കേന്ദ്രഗവൺമെന്റിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഫാമിന്റെ 50 ശതമാനം ഭൂമി ഫാമായി നിലനിർത്തി ബാക്കി 50 ശതമാനം ഭൂമി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കു പതിച്ചു നൽകുന്നതാണ്. ഭൂരഹിതരായ ആദിവാസികൾക്ക് മുൻഗണനാ ക്രമത്തിൽ പ്രസ്തുത ഭൂമി വിതരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി തട്ടിപ്പ്

134 [1113] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി തട്ടിപ്പ് നടത്തിയ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയിട്ടുണ്ടെന്നും അവരുടെ പേരിലും അവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകിയ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പേരിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എസ്. സി/എസ്. റ്റി. വിഭാഗങ്ങൾക്ക് ഉദ്യോഗ നിയമത്തിനും പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനും ഉള്ള സംവരണം അനർഹമായി വ്യാജ ജാതി സർട്ടിഫിക്കറ്റിലൂടെ നേടിയ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടെന്നും ഇതനുസരിച്ച് എത്ര പേരുടെ മേൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഐ.എ.എസ്., ഐ.പി.എസ്. വിഭാഗത്തിൽപ്പെട്ട ആരെങ്കിലും ഇത്തരം തട്ടിപ്പ് നടത്തി സംവരണം ആനുകൂല്യം നേടിയതായി തെളിഞ്ഞിട്ടുണ്ടോ എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 92 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി നേടിയവർക്കെതിരെയും വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയും The Kerala (Scheduled Castes & Scheduled Tribes) Regulation of issue of Community Certificates Act, 1996 (Act 11 of 1996) പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 135 കേസുകൾ ഉണ്ടായിട്ടുണ്ട്. ഇവരിൽ 53 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കേസുകളിൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

(സി) തെളിഞ്ഞിട്ടുണ്ട്. ഐ.പി.എസ്. നേടിയ ആർ. വിശ്വനാഥപിള്ളയുടെ പട്ടികജാതി (വേട്ടുവൻ) അവകാശവാദം വ്യാജമാണെന്ന് തെളിയിക്കപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ ജോലിയിൽ നിന്ന് പിരിച്ചയച്ചു.

LIBRARY ARCHIVES Kerala Legislative Assembly